**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.3894

20.7.2015-ൽ
മറുപടി നൽകേണ്ടിയിരുന്നത്

**'പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകാൻ നടപടി'**

**ചോദ്യം**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(എ) കാസർകോട് ജില്ലയിലെ പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ വർഷങ്ങളായി താമസിച്ചുവരുന്ന എത്ര കുടുംബങ്ങൾക്കാണ് ഭൂമി പതിച്ചു നൽകാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ;

(ബി) പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന പ്രസ്തുത വിഭാഗത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി പതിച്ചു നൽകിയെന്ന് താലൂക്ക്-വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനിയും ഭൂമി പതിച്ചു നൽകാത്തവർക്ക് ആയത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി**

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പുമന്ത്രി)

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ വർഷങ്ങളായി താമസിച്ചുവരുന്ന 326 കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകാൻ ബാക്കിയുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കാസർഗോഡ് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന പ്രസ്തുത വിഭാഗത്തിലെ 287 കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്.

| | |
|---|---|
| കാസർഗോഡ് താലൂക്ക് | - 14 |
| ഹോസ്ദുർഗ് താലൂക്ക് | - 96 |
| മഞ്ചേശ്വരം താലൂക്ക് | - 04 |
| വെള്ളരിക്കുണ്ട് താലൂക്ക് | - 173 |
| **ആകെ** | **- 287** |

(സി) അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Sheejah
സെക്ഷൻ ഓഫീസർ

*